

THURSDAY 23/01/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/01/2025

1. കുട്ടനാട്ടിൽ പുഞ്ചകൃഷിയിറക്കിയ പാടശേഖരങ്ങളിൽ ബാക്ടീരിയൽ ഇലകരിച്ചിൽ രോഗത്തിന്റെ ലക്ഷണങ്ങൾ കാണുന്നുണ്ട്. ഇളംമഞ്ഞ നിറത്തിൽ നെല്ലോലയുടെ അരികുകളിൽ രൂപപ്പെട്ട് ഇലയുടെ അഗ്രഭാഗം മുതൽ താഴേക്ക് ഇരുവശങ്ങളിൽ കൂടിയോ ഞരമ്പ് വഴിയോ കരിഞ്ഞു പോകുന്നതാണ് രോഗലക്ഷണം. മിക്കപ്പോഴും കൃഷിയിടത്തിന്റെ അരിക് ചേർന്നായിരിക്കും രോഗലക്ഷണങ്ങൾ ആദ്യം പ്രത്യക്ഷപ്പെടുക. ഈ സമയത്ത് 20 ഗ്രാം പച്ചച്ചാണകം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിച്ചു കൊടുക്കുക. ആവശ്യമെങ്കിൽ രണ്ടാഴ്ചയ്ക്ക് ശേഷം ഒന്നു കൂടി ഇത് ആവർത്തിക്കുക. ബ്ലീച്ചിംഗ് പൗഡർ ഒരേക്കറിന് 2 കിലോ ഗ്രാം എന്ന തോതിൽ തുണിയിൽ ചെറു കിഴികളായി കെട്ടി വെള്ളം കയറുന്ന ഭാഗങ്ങളിൽ ഇട്ട് കൊടുക്കുന്നത് വെള്ളത്തിലൂടെയുള്ള രോഗവ്യാപനം തടയുന്നതിന് സഹായകമാണ്. ഇനി വിതയ്ക്കാനുള്ള പാടങ്ങളിൽ രോഗപ്രതിരോധത്തിനായി സ്യൂഡോമോണാസ് ഫ്ളൂറസെൻസ് ഉപയോഗിച്ച് വിത്ത് പരിചരണം നടത്താം. സ്യൂഡോമോണാസ് ഒരേക്കറിന് ഒരുകിലോ ഗ്രാം, 20 കിലോഗ്രാം വേപ്പിൻ പിണ്ണാക്കുമായി ചേർത്ത് വിതറി കൊടുക്കുന്നത് രോഗപ്രതിരോധത്തിന് സഹായിക്കും. സംയോജിത വളപ്രയോഗ മാർഗ്ഗങ്ങൾ അവലംബിക്കണം. നൈട്രജൻ വളങ്ങളുടെ അമിത ഉപയോഗം കുറയ്ക്കണം. ഒപ്പം രോഗലക്ഷണങ്ങൾ കാണുന്ന പാടങ്ങളിൽ ഓരോ വളപ്രയോഗത്തിനൊപ്പവും ശുപാർശ ചെയ്തതിനേക്കാൾ 20% അധികം പൊട്ടാസ്യം നൽകുന്നത് രോഗപ്രതിരോധത്തിന് സഹായിക്കും. രോഗവ്യാപനം കൂടുതലാകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആന്റിബയോട്ടിക്ക്/ ആന്റിബാക്ടീരിയൽ / കോപ്പർ കലർന്ന പദാർത്ഥങ്ങൾ എന്നിവയിൽ ഏതെങ്കിലും ശുപാർശ ചെയ്യുന്ന അളവിൽ ഇലകളിൽ തളിച്ചു കൊടുക്കാം. കൂടുതലായി ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ സംസ്ഥാന കീടനിരീക്ഷണ കേന്ദ്രത്തിലെ ഫീൽഡ്തല ഉദ്യോഗസ്ഥരുമായി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9633815621, 7034342115 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

2. ഫിഷറീസ് വകുപ്പ് കാസർകോട് ജില്ലയിൽ നടപ്പിലാക്കുന്ന ജനകീയ മത്സ്യ കൃഷി പദ്ധതിയിൽ വ്യക്തികൾക്കായുള്ള മുരിങ്ങ കൃഷി ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോം തൃക്കരിപ്പൂർ മത്സ്യഭവനിൽ വിതരണം ചെയ്യും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 24. ഫോൺ– 04672 202537.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവകലാശാല കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ വച്ച് ട്രാക്ടറിന്റെ പ്രവർത്തനം, അറ്റകുറ്റപ്പണികൾ, സർവീസ്, എന്നിവയിൽ അഞ്ചുദിവസം നീണ്ടുനിൽക്കുന്ന സൗജന്യ ട്രെയിനിങ് സംഘടിപ്പിക്കുന്നു. ഈ ട്രെയിനിങ്ങിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ജനുവരി 31 നകം ഓഫീസിൽ വന്ന് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ നമ്പർ:9446370726

4. ക്ഷീര വികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ജനുവരി മാസം 24, 25 തീയതികളിൽ "ശുദ്ധമായ പാലുൽപ്പാദനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 2025 ജനുവരി 23 – തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നം : 0471 - 2440911 മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ., തിരുവനന്തപുരം –695004 Email ID:principaldtctvm@gmail.com

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ ജനുവരി 28, 29 തീയതികളിൽ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലനവിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9446976726 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ : **training@rubberboard.org.in**.

**കാർഷിക നിർദ്ദേശം**

6. വെള്ളരിയിലെ ഫ്യൂസേറിയം വാട്ടം - ഇലകളിൽ നിന്നും ജലാംശം നഷ്ടപ്പെട്ട് ചെടി വാടി പോകുന്നതാണ് രോഗ ലക്ഷണം. ജലസേചനം നടത്തുന്നത് ഈ അവസ്ഥയെ മറികടക്കാൻ സഹായകമല്ല. രോഗം ബാധിച്ച ചെടി മഞ്ഞളിച്ച് വാടിപ്പോകുന്നു. തണ്ടിൻറെ അടിഭാഗം വീർത്ത് പൊട്ടി അതിനോടനുബന്ധിച്ച് ചെടി നശിച്ചു പോകുന്നു. എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ. നിയന്ത്രണ മാർഗ്ഗങ്ങൾ :ശരിയായ നിർവാർച്ച ഉറപ്പുവരുത്തുക. രോഗം ബാധിച്ച തൈകൾ നീക്കം ചെയ്യുക. സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തടത്തിൽ ഒഴിക്കുക. ട്രൈക്കോഡർമ്മ സമ്പുഷ്ട ചാണകം ചെടിയുടെ കടയ്ക്കൽ ചേർത്ത് കൊടുക്കുക. ഹെക്സകൊണാസോൾ 1 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ചുവട്ടിൽ ഒഴിക്കുക.